101 (568) നരിക്കുണ്ട് തോമാട്ടുചാൽ പി.ഡബ്ല്യു.ഡി. റോഡ് നിർമ്മാണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുൽത്താൻബത്തേരി നിയോജകമണ്ഡലത്തിലെ 1995-ൽ ഭരണാനുമതിയും 1996-ൽ സാങ്കേതികാനുമതിയും ലഭിച്ച നരിക്കുണ്ട്-തോമാട്ടുചാൽ പി.ഡബ്ല്യു.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) നരിക്കുണ്ട്-തോമാട്ടുചാൽ റോഡ് വില്ലേജ് റോഡ് ആയതിനാലും ആവശ്യമായ ഫണ്ട് ബഡ്ജറ്റിൽ വകയിരുത്താത്തതിനാലും പണി സ്തംഭനാവസ്ഥയിൽ ആയിരുന്നു. എന്നാൽ ഇപ്പോൾ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

102 (569) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് വികസന പദ്ധതി

ശ്രീ. എം.വി. ജയരാജൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, എന്നീ നഗരങ്ങളിലെ റോഡുകളുടെ വികസനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനായി എന്തു തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത നഗരങ്ങളിലെ ഏതെല്ലാം റോഡുകളാണ് നാലുവരി പാതയാക്കാൻ ഉദ്ദേശിക്കുന്നത്;

(ഇ) പ്രസ്തുത നഗരങ്ങളിൽ വികസനത്തിനായി ഏറ്റെടുത്ത പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഇവ ഓരോന്നിന്റെയും പണി ഇപ്പോൾ ഏതു ഘട്ടത്തിലിരിക്കുന്നു; എന്നത്തേക്ക് പണി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly